**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5853** **16-03-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണത്തിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ വിതരണം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഉണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സർവറുകളിൽ ഉണ്ടാകുന്ന തകരാർ കാരണം റേഷൻവിതരണത്തിൽ ഭാഗികമായ തടസ്സം നേരിടാറുണ്ട്. വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അനുബന്ധ ഏജൻസികളായ NIC ടീം, IT മിഷൻ, UIDA എന്നിവരുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടു<br><br>ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയാണ് റേഷൻ വിതരണം നടത്തി വരുന്നത്. ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്ന പക്ഷം ഒ.ടി.പി നൽകി റേഷൻ വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി റേഷൻ വിതരണം നടത്തുന്നതുമാണ്.<br><br>BSNL ബാൻഡ് വിഡ്ത്ത് 20 mbps എന്നുള്ളത് 100 mbps ലേക്ക് ഉടനടി മാറ്റുന്നതിന് BSNL - ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് എറർ കാരണം റേഷ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NI യുടെ (AUA) സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഈ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ ഉള്ളവയല്ല. ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br><br>റേഷൻ വിതരണത്തിൽ സാങ്കേതികമായ തടസങ്ങളുണ്ടെന്ന ആരോപണങ്ങൾ നിലനിൽക്കുമ്പോഴും കഴിഞ്ഞ 5 മാസത്തെ ശരാശരി റേഷൻ വിതരണം 80 ശതമാനമാണ്. |
| (ബി) | കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന ധാന്യവിഹിതം വെട്ടിക്കുറയ്ക്കുകയുണ്ടായോ; ഏതെല്ലാം ധാന്യങ്ങൾ എത്ര അളവിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഭക്ഷ്യ ഭദ്രതാനിയമം നടപ്പിലാക്കിയതോടെ അതിനു മുൻപ് അഡ്ഹോക്ക് (അധിക) വിഹിതമുൾപ്പെടെ ലഭ്യമായിരുന്ന ധാന്യത്തെ അപേക്ഷിച്ച് പ്രതിവർഷം 1.75 ലക്ഷം മെ.ടൺ ധാന്യത്തിന്റെ കുറവുണ്ടായിട്ടുണ്ട്. പ്രതിവർഷം 14.25 ലക്ഷം മെ.ടൺ ധാന്യമാണ് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമായിവരുന്നത്. ഇതിൽ ഇതുവരെ കുറവു വരുത്തിയിട്ടില്ല. എന്നാൽ 2022 മെയ് വരെ ടൈഡ് ഓവർ വിഹിതമായി 6459.074 മെ.ടൺ ഗോതമ്പ് ലഭ്യമായിരുന്നത് കുറവു ചെയ്ത് പകരം അത്രയും അളവ് അരി കൂട്ടുതലായി അനുവദിച്ചുവരുന്നു. കൂടാതെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതിപ്രകാരം മുൻഗണനാ വിഭാഗത്തിന് അനുവദിച്ചു വന്നിരുന്ന അധിക വിഹിതം 2022 ഡിസംബറിനു ശേഷം അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതി പ്രകാരം 77400.06 മെ.ടൺ ധാന്യമായിരുന്നു അനുവദിച്ചു വന്നിരുന്നത്. |
| (സി) | റേഷൻ കടകളിൽ ഗോതമ്പിന്റെയും പച്ചരിയുടെയും വിതരണം പൂർണ്ണമായും നിർത്തിവെച്ചിട്ടുണ്ടോ; ഈ ധാന്യങ്ങൾ മാസങ്ങളായി കാർഡുടമകൾക്ക് ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേന്ദ്ര സർക്കാർ ടൈഡ് ഓവർ വിഹിതത്തിൽ 2022 മെയ് വരെ ലഭ്യമായിരുന്ന ഗോതമ്പിനു പകരം നിലവിൽ അരി അനുവദിക്കുന്നതിനാൽ മുൻഗണനേതര വിഭാഗത്തിന് ആട്ട വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ട്. പച്ചരിയുടെ വിതരണവും മുൻഗണനാ വിഭാഗത്തിനുള്ള ഗോതമ്പിന്റെ വിതരണവും നടന്നുവരുന്നു. |
| (ഡി) | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ റേഷൻ വിഹിതത്തിൽ കുറവ് വരുത്തിയതാണോ പ്രസ്തുത അവസ്ഥയ്ക്ക് കാരണമായിട്ടുള്ളത്; | (ഡി) | ഗോതമ്പിന്റെ ടൈഡ് ഓവർ വിഹിതം കേന്ദ്ര സർക്കാർ കുറവു ചെയ്തതിനാലാണ് മുൻഗണനേതര വിഭാഗത്തിനുണ്ടായിരുന്ന ആട്ടവിതരണം നിർത്തേണ്ടിവന്നത്. |
| (ഇ) | അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യം പൂർണ്ണമായി | (ഇ) | ഉണ്ട്. മിക്ക മാസങ്ങളിലും കാർഡുടമകൾക്കുള്ള |

| | | | |
|---|---|---|---|
| | ഏറ്റെടുത്ത് യഥാസമയം കാർഡുടമകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | | പ്രതിമാസ വിഹിതം നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ വിതരണം ചെയ്തുവരുന്നു. ഏതെങ്കിലും കാരണവശാൽ (സെർവർ തകരാർ, ധാന്യങ്ങൾ വിട്ടെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം മുതലായവ) വിതരണം പൂർത്തിയാകാതെ വന്നാൽ വിതരണത്തിനുള്ള സമയപരിധി ദീർഘിപ്പിക്കുന്നതുൾപ്പടെയുള്ള നടപടികൾ കൈക്കൊണ്ട് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കുന്നുണ്ട്. |
| (എഫ്) | റേഷൻ വസ്തുക്കൾ കരിഞ്ചന്തയിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റേഷൻ വിതരണം തടസ്സപ്പെടുന്നതുമൂലം പൊതുവിപണിയിൽ വിലക്കയറ്റം രൂക്ഷമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിറ്റഴിക്കുന്നത് തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കരിഞ്ചന്ത, പൂഴ്ത്തി വയ്പ് എന്നിവയുടെ പരിശോധനയുടെ ഭാഗമായി കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി താലൂക്കുകളിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന റേഷൻ സാധനങ്ങൾ വിജിലൻസ് ഓഫീസർ, ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർമാർ എന്നിവരുടെ പരിശോധനയിൽ പിടിച്ചെടുക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. റേഷൻ വിതരണം പൂർണ്ണമായി മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടില്ലാത്തതിനാൽ അക്കാരണത്താൽ വിലക്കയറ്റം ഉണ്ടായിട്ടില്ല. |
| (ജി) | സംസ്ഥാനത്തിന്റെ വെട്ടിക്കുറച്ച ഭക്ഷ്യധാന്യത്തിന്റെ അളവ് പുന:സ്ഥാപിക്കുന്നതിനും അനുവദിക്കപ്പെട്ട വിഹിതം പൂർണ്ണമായും കാർഡുടമകൾക്ക് ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (ജി) | സംസ്ഥാനത്തിന് കൂടുതൽ ഭക്ഷ്യ ധാന്യം അനുവദിക്കണം എന്നാവശ്യമുന്നയിച്ച് നിരവധി തവണ കേന്ദ്രസർക്കാരിന് നിവേദനങ്ങൾ നൽകുകയും ബഹു: സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേന്ദ്രവുമായി നേരിട്ട് ആശയ വിനിമയം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഭക്ഷ്യഭദ്രതാനിയമപ്രകാരമുള്ള ധാന്യ വിഹിതം വർദ്ധിപ്പിക്കുന്നതിന് ഇതുവരെ നടപടിയുണ്ടായിട്ടില്ല. ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ് പുന:സ്ഥാപിച്ചു ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് അഭ്യർത്ഥിച്ചിരുന്നെങ്കിലും നിലവിലെ സാഹചര്യത്തിൽ സാധിക്കില്ലെന്നാണ് കേന്ദ്ര സർക്കാരിൽ നിന്ന് അറിയിച്ചിട്ടുള്ളത്. എങ്കിലും 2023 മാർച്ച് മാസത്തിലേക്ക് 6459.074 മെ.ടൺ ടൈഡ് ഓവർ ഗോതമ്പ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ